**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4393** **18-07-2022 - ൽ മറുപടിയ്ക്ക്**

**മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശേഷിക്കുന്ന പ്രവൃത്തികൾക്ക് അധികമായി ആവശ്യമുണ്ടെന്ന് കണ്ടെത്തിയ 23 ലക്ഷം രൂപയുടെ ഫണ്ട് വകയിരുത്തുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്; മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം എം.എൽ.എ – ഫണ്ടിൽ നിന്നും തുടങ്ങിയ നിർമ്മാണ പ്രവൃത്തിയായതിനാൽ മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിൽ ഉണ്ട്. ആയതിനാൽ നിലവിലെ എം.എൽ.എ. യുമായി ചർച്ചചെയ്ത് അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ രജിസ്ട്രേഷൻ ഐ.ജി.യ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, രജിസ്ട്രേഷൻ വകുപ്പ് പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | നാളിതുവരെ പ്രസ്തുത തുക വകയിരുത്തുന്നതിന് വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; പൊതുജനങ്ങളുടെ ദീർഘകാല ആവശ്യം പരിഗണിച്ച് അടിയന്തരമായി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്; മൂർക്കനാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം എം.എൽ.എ – ഫണ്ടിൽ നിന്നും തുടങ്ങിയ നിർമ്മാണ പ്രവൃത്തിയായതിനാൽ മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിൽ ഉണ്ട്. ആയതിനാൽ നിലവിലെ എം.എൽ.എ. യുമായി ചർച്ചചെയ്ത് അധിക തുക കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ രജിസ്ട്രേഷൻ ഐ.ജി.യ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, രജിസ്ട്രേഷൻ വകുപ്പ് പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ